**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1395** **12-02-2025 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് സ്കൂൾ അദ്ധ്യാപക തസ്തികകൾക്ക് അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എയ്ഡഡ് വിദ്യാലയങ്ങളിലെ പതിനാറായിരത്തിൽപരം അദ്ധ്യാപക തസ്തികകൾക്ക് അംഗീകാരം നൽകാനുണ്ടെന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ വിവിധ വിദ്യാഭ്യാസ ഓഫീസുകളിൽ തീർപ്പ് കൽപ്പിക്കാനുള്ള എയ്ഡഡ് സ്കൂൾ അധ്യാപകരുടെ നിയമനാംഗീകാര ഫയലുകൾ പരിശോധിച്ച് തീർപ്പുകൽപ്പിക്കുന്നതിനായി ജില്ല/ സംസ്ഥാന തലങ്ങളിൽ അദാലത്തുകൾ സംഘടിപ്പിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഭിന്നശേഷി നിയമനക്കുരുക്ക് പരിഹരിച്ച് അദ്ധ്യാപക തസ്തികകൾക്ക് അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ; | (ബി) | സംസ്ഥാനത്തെ എയ്ഡഡ് വിദ്യാലയങ്ങളിൽ ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട് ബഹു. സുപ്രീംകോടതിയുടേയും ബഹു. ഹൈക്കോടതിയുടേയും ഉത്തരവുകൾക്കനുസൃതമായി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | സ്ഥിരം തസ്തികകളിൽ ദിവസ വേതനത്തിൽ നിയമനം നടത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; | (സി) | ഭിന്നശേഷി സംവരണ നിയമം നടപ്പാക്കുന്നതുവരെ എയ്ഡഡ് സ്കൂളുകളിൽ 08-11-2021 ന് ശേഷമുള്ള ഒഴിവുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുവാനാണ് ബഹു. ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുള്ളത്. |
| (ഡി) | എയ്ഡഡ് സ്കൂളുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന അദ്ധ്യാപക നിയമനത്തിലെ നിയന്ത്രണങ്ങൾ ഒഴിവാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | എയ്ഡഡ് സ്കൂൾ മാനേജർമാർ ഭിന്നശേഷി സംവരണനിയമം പാലിക്കുന്നതു സംബന്ധിച്ച് ബഹു. സുപ്രീം കോടതിയും ബഹു. ഹൈക്കോടതിയും പുറപ്പെടുവിച്ചിട്ടുള്ള വിധികൾക്കനുസൃതമായ നിയന്ത്രണങ്ങൾ മാത്രമാണ് നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ